**"ഭരണഭാഷ മാതൃഭാഷ"**

ജി2-12561/12

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി:26.08.2018

**പഞ്ചായത്ത് ഡയറക്ടർ**
**തിരുവനന്തപുരം**

**എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.**

സർ,

വിഷയം:- പഞ്ചായത്ത് വകുപ്പ് - പ്രളയ ദുരിതാശ്വാസം - മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റ് ജന്തുക്കളുടെയും ശവശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികൾ - സംബന്ധിച്ച്.

സൂചന:- 1) സ.ഉ (സാധാ)നം.2288/18/തസ്വഭവ തീയതി.19.08.18.
2) ഈ കാര്യാലയത്തിലെ 22.08.18ലെ ഇതേ നമ്പർ കത്ത്.

****

വെള്ളപ്പൊക്കവും മഴക്കെടുതികളും ശമിച്ചതിനു ശേഷം സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും മൃഗങ്ങളുടെയും പക്ഷികളുടെയും മൃതശരീരങ്ങൾ കൈകാര്യം ചെയ്യേണ്ടത് സംബന്ധിച്ച് സൂചനകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ മൃഗങ്ങളുടെയും പക്ഷികളുടെയും ശവശരീരങ്ങൾ മറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് ചില പഞ്ചായത്തുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (അനാഥപ്രേതങ്ങളും മൃഗങ്ങളുടെ ശവശരീരങ്ങളും മറവു ചെയ്യൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളുടെ ശവശരീരമോ ശരീരങ്ങളുടെ അവശിഷ്ടങ്ങളോ മറവു ചെയ്യുന്നതിന് പ്രസിഡന്റോ സെക്രട്ടറിയോ നടപടിയെടുക്കേണ്ടതാണെന്നും അതിനാവശ്യമായ ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതിനാൽ സൂചന (2)ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റ് ജന്തുക്കളുടെയും മൃതശരീരങ്ങൾ സംസ്കരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ,

**പഞ്ചായത്ത് ഡയറക്ടർ**

എച്ച്/